# KOLLAM CITY POLICE

https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 21/11/2021

## മദ്യപിക്കാൻ പണം നൽകാത്തതിലുള്ള വിരോധത്താൽ അമ്മൂമ്മയെ കഠിന ദേഹോപദ്രവം ഏൽപ്പിച്ച യുവാവ് പോലീസ് പിടിയിൽ

കൊല്ലം : മദ്യപിക്കാൻ പണം നൽകാത്തതിലുള്ള വിരോധത്താൽ അമ്മൂമ്മയെ കഠിന ദേഹോപദ്രവം ഏൽപ്പിച്ച യുവാവിനെ പോലീസ് അറസ്റ്റ് ചെയ്തു.കിളികൊല്ലൂർ വില്ലേജിൽ മങ്ങാട് ചേരിയിൽ കേളീ ക്ലബിന് സമീപം അറുനൂറ്റിമംഗലം കൃഷ്ണകൃപയിൽ വസന്തകുമാരി മകൻ ശ്രീശരത് (28) ആണ് കിളികൊല്ലൂർ പോലീസിന്റെ പിടിയിലായത്.വസന്തകുമാരിയും മകൻ ശ്രീശരത്തും വസന്തകുമാരിയുടെ മാതാവ് 80 വയസ്സ് പ്രായമുള്ള സരസ്വതി അമ്മയും ഒന്നിച്ചാണ് കൃഷ്ണകൃപയിൽ താമസം.20.11.2021-ന് രാത്രി 10.00 മണിയോടെ ശ്രീശരത് മദ്യപിക്കുന്നതിനായി അമ്മൂമ്മയോട് പണം ചോദിക്കുകയും പണം കൊടുക്കാത്തതിലുള്ള വിരോധത്താൽ അമ്മൂമ്മയെ ദേഹോപദ്രവം ഏൽപ്പിക്കുകയും സരസ്വതി അമ്മ അടുത്ത വീട്ടിലേക്ക് ഓടിപ്പോയ സമയം പ്രതി പിൻതുടർന്ന് തടിക്കഷണം കൊണ്ട് സരസ്വതി അമ്മയെ അടിച്ച് ദേഹമാസകലം പരിക്കേൽപ്പിക്കുകയുമായിരുന്നു.സരസ്വതി അമ്മ ഇപ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളജിൽ ചികിത്സയിലാണ്.കൊല്ലം അസിസ്റ്റന്റ് പോലീസ് കമ്മീഷണർ ശ്രീ ജി.ഡി വിജയകുമാറിന്റെ നിർദ്ദേശാനുസരണം കിളികൊല്ലൂർ പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ വിനോദിന്റെ നേതൃത്വത്തിൽ എസ്.ഐ മാരായ ശ്രീനാദ് , സജി , ജാനസ് പി ബേബി സി.പി.ഒ സാജ് എന്നിവരടങ്ങിയ സംഘമാണ് ഇയാളെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ ഇയാളെ റിമാന്റ് ചെയ്തു.


ശ്രീ ശരത്

## വീട് തീവച്ച് നശിപ്പിച്ച കേസിൽ യുവാവിനെ പോലീസ് അറസ്റ്റ് ചെയ്തു.

കൊല്ലം : വീട് തീവച്ച് നശിപ്പിച്ച കേസിൽ യുവാവിനെ പോലീസ് അറസ്ററ് ചെയ്തു. ഇക്കഴിഞ്ഞ 15.11.2021 തീയതി രാത്രി 08.00 മണിക്ക് ചവറ പന്മന പയനിവിള കോളനിയിലെ ചെല്ലമ്മ മകൾ സരസ്വതി (48) ന്റെ വീട് തീവച്ച് നശിപ്പിച്ച കേസിൽ പന്മന വില്ലേജിൽ മനയിൽ മുറിയിൽ വിനീത് ഭവനത്തിൽ രാധാകൃഷ്ണൻ മകൻ വിനേഷ് (33) ആണ് ചവറ പോലീസിന്റെ പിടിയിലായത്. പ്രതിയായ വിനേഷിന്റെ സഹോദരിയുമായി സരസ്വതിയുടെ മകൻ ഒളിച്ചോടിയതിന്റെ വിരോധത്താലാണ് വിനേഷ് വീടിന് തീവച്ചത്.വീട്ടു സാമഗ്രികളും റേഷൻ കാർഡും മറ്റ് രേഖകളും നാലായിരത്തോളം രൂപയുടെ കറൻസി നോട്ടുകളും ഉൾപ്പെടെ 5 ലക്ഷം രൂപയുടെ നാശനഷ്ടങ്ങൾ സംഭവിച്ചതായി പറയുന്നു. കരുനാഗപ്പള്ളി അസിസ്റ്റന്റ് പോലീസ് കമ്മീഷണർ ശ്രീ ഷൈനു തോസമിന്റെ നിർദ്ദേശാനുസരണം ചവറ പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ നിസാമുദ്ദിന്റെ നേതൃത്വത്തിൽ എസ്.ഐ -മാരായ സുകേശ്, നൗഫൽ, ആന്റണി സി.പി.ഒ അനു എന്നിവരടങ്ങിയ സംഘമാണ് ഇയാളെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ ഇയാളെ റിമാന്റ് ചെയ്തു.


വിനേഷ്